ശ്രീ.എം. നാരായണക്കുറുപ്പ്: ഗവണ്മെന്റ് ട്രാൻസ്പോർട്ടിന്റെ വരവു ചിലവുകളൊക്കെ മാസംതോറും പത്രത്തിലൊക്കെ വരാറുണ്ട്. ഇപ്പോൾ പുതിയ വർഷം ആരംഭിച്ചു കഴിഞ്ഞു, ഇനിയെങ്കിലും ആദായത്തെപ്പറ്റി സുമാറായിട്ടുള്ള കണക്കെങ്കിലും മന്ത്രിയുടെ കയ്യിൽ ഇല്ലെന്നാണോ മനസ്സിലാക്കേണ്ടത്?

ശ്രീ. കെ. ടി. അച്യുതൻ: സുമാർ കണക്ക് എന്റെ കയ്യിലുണ്ട്.

ശ്രീമതി. കെ. ആർ. ഗൗരി: ട്രാൻസ്പോർട്ടിന്റെ മിനിമം ചാർജ്ജ് 10 നയാപൈസയെന്ന് ഗവണ്മെന്റ് തീരുമാനിച്ചു. എസ്. ടി. എ. യുടെ അഭിപ്രായമനുസരിക്കാതെതന്നെ ഗവണ്മെന്റിന് ഇതു് നടപ്പിൽ വരുത്തിക്കൂടേ?

ശ്രീ. കെ. ടി. അച്യുതൻ: മോട്ടോർ വെഹിക്കിൾസ് ആക്ടിൽ എസ്. ടി. എ. യുമായി കൺസൾട്ട് ചെയ്യേണ്ടതുണ്ട്. അവരുമായി കൺസൾട്ട് ചെയ്തശേഷമേ അവസാന തീരുമാനം എടുക്കാവൂ എന്നൊരു വ്യവസ്ഥയുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എസ്. ടി. എ. യിൽ ഗവണ്മെന്റിനെ പ്രതിനിധീകരിച്ച് എത്ര മെമ്പർമാർ ഉണ്ട്?

ശ്രീ. കെ. ടി. അച്യുതൻ: മോട്ടോർ വെഹിക്കിൾസ് ആക്ടനുസരിച്ച് സംഘടിപ്പിച്ചിരിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായതുകൊണ്ട് അതിൽ ഗവണ്മെന്റിന്റെ പ്രതിനിധികളാരുമില്ല. അതിൽ റവന്യൂബോർഡ് ചെയർമാൻ, ചീഫ് ഇഞ്ചിനീയർ, ഐ. ജി. ആഫ്. പോലീസ് ഇവരെല്ലാമുണ്ട്. ഇവരെല്ലാം കൂടി ആലോചിച്ചാണ് അഭിപ്രായം പറയുന്നതു്.

## കയറുമതി ചെയ്യുന്ന സാധനങ്ങളുടെ നാണ്യവില

* 974. [12] ശ്രീ. എൻ. മോസ്സരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റിൽനിന്നും കയറുമതിചെയ്യുന്ന സാധനങ്ങളുടെ നാണ്യവിലയായി പ്രതിവർഷം എത്ര സംഖ്യ ലഭിക്കുന്നുണ്ട് ;

(ബി) ഇതു് ഇൻഡ്യയിൽനിന്നും മൊത്തം കയറുമതിചെയ്യുന്ന സാധനങ്ങളുടെ വിലയുടെ എത്ര ശതമാനമാണ് ;

(സി) ഇപ്പോൾ ഉള്ള അപേക്ഷകളും അനുസരിച്ച് വ്യവസായത്തിനു വേണ്ടി കേരളത്തിലേക്ക് ഇറക്കുമതിചെയ്യേണ്ട സാധനങ്ങളുടെ വില എന്താകും ;

(ഡി) അതിൽ എത്ര സംഖ്യക്കുള്ള ലൈസൻസ് അനുവദിക്കുന്നുണ്ട് ;

(ഈ) ഇങ്ങനെ ലൈസൻസു കൊടുക്കുന്നതു മൊത്തം ഇൻഡ്യയിൽ അനുവദിക്കുന്ന ലൈസൻസിന്റെ എത്ര ശതമാനം തുകയ്ക്കുണ്ട് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) 1962-63 സാമ്പത്തികവർഷത്തിൽ വിദേശങ്ങളിലേക്ക് കയറുമതി ചെയ്ത സാധനങ്ങളുടെ വിലയായി 68,42,39,900 രൂപ ലഭിച്ചു.

(ബി) ഉദ്ദേശം 9.5 ശതമാനം

(സി) 1962-63-ൽ പെറുകിട വ്യവസായങ്ങൾക്കുവേണ്ടി 2,7,17,276 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിൽ 1962–63–ൽ ചെറുകിട വ്യവസായ സാമഗ്രികൾക്കായി 59,45,000 രൂപയ്ക്കുള്ള ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ അസംസ്കൃത കശുവണ്ടിക്ക് 10 കോടി രൂപയുടെയും മോട്ടോർ വാഹനോപകരണങ്ങൾക്ക് 14 ലക്ഷം രൂപയുടെയും ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്.

(ഈ) വിവരങ്ങൾ ലഭിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ. എൻ. രാഘവൻ നായർ : കേരളത്തിൽനിന്നും കയറുമതി ചെയ്യുന്ന സാധനത്തിനു കിട്ടുന്ന വിദേശനാണയത്തിനു് അനുപാതമായി കേരളത്തിലേക്കാവശ്യമുള്ള സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതിനു് അനുവാദം കിട്ടാത്തതുകൊണ്ടു് മൊത്തം ഇൻഡ്യയിൽ ഇറക്കുന്ന സാധനങ്ങളുടെ അനുപാതത്തിനനുസരിച്ചു് കേരളത്തിനു് വിഹിതം കിട്ടുന്നതിനു് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇന്നു് ഓരോ സ്റ്റേറ്റിൽനിന്നും കയറുമതി ചെയ്യുന്ന സാധനങ്ങളുടെ വിദേശനാണ്യത്തിന്റെ കണക്കനുസരിച്ചു് ഇറക്കുമതി അനുവദിക്കണമെന്ന ഒരു നില ഇൻഡ്യാഗവണ്മെൻറു് സ്വീകരിച്ചിട്ടില്ല. ഇതു് ഇൻഡ്യാ ഗവണ്മെൻറിന്റെ തീരുമാനത്തിനു് വിധേയമായ കാര്യമാണു്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഇങ്ങനെ വിദേശനാണയം, ഏതു് സാധനത്തിൽനിന്നാണു് കൂടുതൽ കിട്ടുന്നതെന്നു പറയാമോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: കശുവണ്ടിയിൽ നിന്നാണെന്നാണു് തോന്നുന്നതു്; ഓർമ്മയിൽനിന്നു പറയുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഇറക്കുമതിക്കു് ലൈസൻസു്, കയറുമതി നടത്തുന്ന വ്യാപാരികൾക്കു മാത്രമേ അനുവദിക്കുകയുള്ളു എന്ന ന്യായത്തെ മുൻനിറുത്തി, മറു സാധനങ്ങൾ ഉപയോഗിച്ചു് പ്രവർത്തനം നടത്തേണ്ടതായ മറു ഫാക്ടറികൾക്കു് ദോഷം സംഭവിക്കുകയും അവരുടെ വ്യാപാരത്തെ അതു് സാരമായി ബാധിക്കുകയും ചെയ്യുന്നു എന്നു കാണിച്ചു് വല്ല നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ? ഇങ്ങനെ അത്യാവശ്യമുള്ള സാധനങ്ങൾ ഈ സ്ഥാപനങ്ങൾ കയറുമതി ചെയ്യുന്നില്ലെങ്കിലും, അവർക്കാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ ഇറക്കുമതി ചെയ്യുന്നതിനു് ലൈസൻസു് കൊടുക്കാൻ കേന്ദ്രത്തിലേക്കു് സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ : എല്ലാ കാര്യങ്ങളിലും അങ്ങനെയില്ല. കൊപ്രായുടെ ഇറക്കുമതി സംബന്ധിച്ചാണു് വിഷമമുള്ളതു്. മറു വ്യവസായങ്ങളെ സംബന്ധിച്ചു് ആക്ഷേപം കിട്ടിയിട്ടില്ല. ഇതിനെ സംബന്ധിച്ചു് ഇൻഡ്യാ ഗവണ്മെൻറിലേക്കു് നിവേദനം നടത്തിയിട്ടുണ്ടു്.

## മദ്യനിരോധനം

* 975. [13] ശ്രീ. പി. ആർ. ഫ്രാൻസീസു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളത്തിലെ മദ്യനിരോധനനയത്തിനു് എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കള്ളും ലഹരി കുറഞ്ഞ മദ്യങ്ങളും മദ്യനിരോധനത്തിൽനിന്നും ഒഴിവാക്കുവാൻ ആലോചനയുണ്ടോ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ,ബി) കേന്ദ്രഗവണ്മെൻറു് നിയമിച്ചിട്ടുള്ള പഠനസംഘത്തിന്റെ റിപ്പോർട്ടു കിട്ടിയതിനുശേഷം മദ്യനിരോധനത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ആലോചിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly